# വിവാദത്തിൽ നാം കരുക്കളാകരുത്

**പാഠപുസ്തക** വിവാദം പുസ്തകം തയാർ ചെയ്തവരുടെ അജണ്ട അനുസരിച്ചാണ് നടക്കുന്നത്. അതിനാൽ പ്രാഥമിക ഗുണഭോക്താക്കൾ പുസ്തകം തയാർ ചെയ്തവരാണ്. പൊതുവെ വിശ്വാസങ്ങൾ ആധിപത്യം ചെലുത്തുന്ന കാലത്ത് തങ്ങളുടെ 'ശാസ്ത്രീയ യുക്തി' എങ്ങനെ പ്രചരിപ്പിക്കാം എന്ന ആലോചനയാണവരെ ഈ നടപടിക്ക് പ്രേരിപ്പിച്ചത്. സ്വാഭാവികമായും ജീവിത സന്ദർഭങ്ങളോടിണക്കി കുട്ടികളിൽ ബോധപൂർവമായും അബോധപൂർവമായും ധാരണകൾ രൂപപ്പെടുന്ന തരത്തിൽ അവർ പുസ്തകം തയാർ ചെയ്യുന്നു. സമൂഹത്തിൽ വിശ്വാസത്തെക്കുറിച്ച സംവാദത്തിന് തുടക്കം കുറിക്കാനും അവർക്ക് സാധിച്ചു. യുക്തി VS വിശ്വാസം, അല്ലെങ്കിൽ മതം = പിന്തിരിപ്പൻ, മതരഹിതം = പുരോഗമനം എന്നീ സമവാക്യങ്ങളിലാണ് മുഖ്യമായും പാഠഭാഗങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നത്. വാഷിംഗ്ടണിലും മോസ്കോയിലും ഗതികിട്ടാത്ത ഭൗതികവാദം പരിഷത്ത് പണ്ഡിതരിലൂടെ നമ്മുടെ പാഠപുസ്തകത്തിൽ പ്രവേശിച്ചുവെന്ന് സാരം.

'ശാസ്ത്രീയ യുക്തി' എന്ന ആധുനിക അന്ധവിശ്വാസത്തെ പ്രചരിപ്പിക്കുന്ന ശാസ്ത്രീയ ആൾദൈവങ്ങൾ അവരുടെ ഭജന പുസ്തകമായി നമ്മുടെ പാഠപുസ്തകത്തെ മാറ്റിമറിക്കും മുമ്പ്, യഥാർഥ വിശ്വാസത്തെ, വിശ്വാസത്തിലധിഷ്ഠിതമായ സംവാദത്തെ തിരിച്ചുപിടിക്കുക എന്നതാണ് നമ്മുടെ ഇടപെടലുകൾ സാധ്യമാക്കേണ്ടത്. പാഠപുസ്തക വിവാദത്തെ അതിന്റെ പ്രയോക്താക്കൾ ഉദ്ദേശിച്ച പരിണതിയിലേക്കെത്തിക്കുന്നതിൽ നാം കരുക്കളാകരുത്.

**കെ. അശ്റഫ്**
**എം.ഇ.എസ് കോളേജ് പൊന്നാനി**

## കത്തുകൾ




# മാർക്സിസ്റ്റ് ചരിത്രം പറയുന്നു വിജയിക്കില്ല ഈ ഒളിയജണ്ട

**കേരളത്തിലെ** ബഹുഭൂരിപക്ഷം ജനങ്ങളെയും നേരിട്ട് ബാധിക്കുന്നതും വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുമായ എത്രയോ വിഷയങ്ങളുണ്ട്; വിദ്യാർഥികളിൽ വർധിച്ചുവരുന്ന മദ്യപാനം, മയക്കുമരുന്ന് ഉപയോഗം പോലുള്ളവ. ഇവക്കെതിരായ ബോധവത്കരണം പാഠഭാഗങ്ങളിൽ ഉൾപ്പെടുത്താമായിരുന്നു. ഇപ്പോൾ വിവാദമായ വിഷയത്തേക്കാൾ ഗുരുതരവും വ്യാപകവുമാണ് ഇത്തരം പ്രശ്നങ്ങൾ. സമാനമായ മറ്റനേകം വിഷയങ്ങൾ, ഗവൺമെന്റിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും പരിഗണന കാത്ത് കിടക്കുമ്പോഴാണ് താരതമ്യേന നിസ്സാരമായ പ്രശ്നവുമായി വന്ന് വിവാദമുണ്ടാക്കിയിരിക്കുന്നത്. എന്തായിരിക്കും ലക്ഷ്യം?

ജനങ്ങളുടെ മതവിശ്വാസത്തിൽ വെള്ളം ചേർക്കുക. നിഷ്പക്ഷമായി വിലയിരുത്തുന്ന ആർക്കും അങ്ങനെയൊരു നിഗമനത്തിലെത്താനേ സാധിക്കൂ. മതമുക്തമായ ഒരു ദർശനത്തിൽ വിശ്വസിക്കാനും അത് പ്രചരിപ്പിക്കാനുമുള്ള എല്ലാ സ്വാതന്ത്ര്യവും കമ്യൂണിസ്റ്റുകാർക്കുണ്ട്. സ്വന്തം ചാനലുകളും പ്രസിദ്ധീകരണങ്ങളുമുപയോഗിച്ച് അവർക്കത് ചെയ്യാം. ഭരണവും വിദ്യാഭ്യാസ വകുപ്പും ഉപയോഗിച്ച് പിൻവാതിലിലൂടെ തങ്ങളുടെ ആശയം പ്രചരിപ്പിക്കാനാണ് ഇപ്പോൾ ശ്രമം.

കമ്യൂണിസ്റ്റ് സമഗ്രാധിപത്യം അതിന്റെ സർവശക്തിയുമുപയോഗിച്ച് നിരീശ്വരത്വം പ്രചരിപ്പിക്കാൻ ശ്രമിച്ചിരുന്നു- നീണ്ട ഏഴു ദശാബ്ദം. ഫലം നമുക്കറിയാം. കിട്ടിയ ആദ്യ അവസരത്തിൽതന്നെ കമ്യൂണിസത്തെ തുടച്ചുമാറ്റി ജനം ചർച്ചുകളിലേക്കും പള്ളികളിലേക്കും തിരിച്ചുപോയി. കമ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ ജനിച്ചു വളർന്ന തലമുറ പോലും മതമന്വേഷിച്ചു പോവുകയും അതിന്റെ തീ മനസ്സുകളിൽ കെടാതെ സൂക്ഷിക്കുകയും ചെയ്തു. കേരളത്തിൽ പോലും പിന്നീട് നാം നക്സലൈറ്റ് വിപ്ലവകാരികളെ കണ്ടത് സായിബാബയുടെ പാദങ്ങളിലാണല്ലോ.

എം.എ ബേബിയും സംഘവും പുറപ്പെട്ടിരിക്കുന്നത് തോൽക്കുമെന്നുറപ്പുള്ള ഒരു പദ്ധതിയുമായിട്ടാണ്. കമ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ വേരുപിടിച്ചത് അതിന്റെ ആളുകൾ ഒരു കാലത്ത് പാവങ്ങൾക്ക് വേണ്ടി പോരാടിയതുകൊണ്ടാണ്; അല്ലാതെ നിരീശ്വരത്വം പ്രചരിപ്പിച്ചതുകൊണ്ടല്ല. പഴയകാല കമ്യൂണിസ്റ്റുകാരന്റെ പോരാട്ടവും ത്യാഗവുമൊക്കെ പറഞ്ഞു കേട്ട പരിചയമേ ഇപ്പോഴത്തെ മിക്ക കമ്യൂണിസ്റ്റുകൾക്കും ഉള്ളൂ. ഭരണവും അതിന്റെ സുഖവുമൊക്കെ ആസ്വദിച്ചു കഴിയുന്ന അവർ, പാർട്ടി വളർത്താൻ പഴയ സഖാക്കളുടെ ത്യാഗവഴികളിലൂടെ നടക്കാനിഷ്ടപ്പെടുന്നില്ലെങ്കിൽ അതിനവരെ കുറ്റപ്പെടുത്തുന്നില്ല. പക്ഷേ പിൻവാതിലിലൂടെ പ്രചരിപ്പിക്കാൻ ശ്രമിക്കുന്ന നിരീശ്വരത്വം അതിനു പകരമാവില്ല.

പാർട്ടിയെ അധികാരത്തിലെത്തിച്ച ജനങ്ങളിൽ ബഹുഭൂരിപക്ഷവും ദൈവവിശ്വാസികളാണെന്ന സത്യം കൂടി നേതൃത്വം മനസ്സിലാക്കണം. തങ്ങളുടെ ദൈനംദിന പ്രശ്നങ്ങൾക്കു പരിഹാരം തേടിയാണ് അവരത് ചെയ്തത്; അല്ലാതെ മതത്തിൽനിന്നും ദൈവത്തിൽനിന്നും മോചനം ലഭിക്കാൻ വേണ്ടിയല്ല.

**നജീബ് ദുബൈ**
najeeb3@gmail.com

# ബുഷിനേക്കാൾ വ്യത്യസ്തനല്ലേ ഒബാമ?

**ബറാക്** ഒബാമയെക്കുറിച്ചുള്ള ലേഖനങ്ങൾ വായിച്ചു. അമേരിക്കൻ പ്രസിഡന്റാവാൻ കൊതിക്കുന്ന ആർക്കും സയണിസ്റ്റ് ലോബിയെ തള്ളിപ്പറയാനാവില്ലതന്നെ. കാരണം അമേരിക്കയെ അടക്കി ഭരിക്കുന്നത് സയണിസ്റ്റ് ലോബിയാണ്. എങ്കിലും പതിനഞ്ച് ലക്ഷം ഇറാഖികളെ കൊന്നൊടുക്കിയ കൊടും ഭീകരൻ ബുഷിനേക്കാൾ കുറച്ചെങ്കിലും വ്യത്യസ്തനായിരിക്കില്ലേ ഒബാമ?

**കെ. മുഹമ്മദ് തുംകൂർ**

# ഒബാമ ജയിച്ചിട്ട് എന്തു കാര്യം?

**ഒബാമ** ഒരു അമേരിക്കക്കാരനാണ്. ഏതൊരു അമേരിക്കക്കാരനെയും പോലെ ഒബാമക്കും അമേരിക്കയോടും അതിന്റെ താൽപര്യങ്ങളോടും മാത്രമേ പ്രതിബദ്ധതയുള്ളൂ. ആരുടെ താൽപര്യത്തെ ചവിട്ടിമെതിച്ചിട്ടാണെങ്കിലും അമേരിക്കയെ നിലനിർത്താൻ മാത്രമാണ് അമേരിക്കൻ പ്രസിഡന്റ് ശ്രമിക്കുക. ഒബാമയും അതുതന്നെയാണ് ചെയ്യുക. മറിച്ചെന്തെങ്കിലും സംഭവിക്കുമെന്ന് ഊഹിക്കുന്നത് തമാശയായിരിക്കും.

ഒബാമയുടെ ജയം ഒരു കറുത്ത വർഗക്കാരന്റെ വിജയമാണെന്ന് ആശ്വസിക്കാം. പക്ഷേ, ലോകത്തൊരു കറുത്ത വർഗക്കാരന്നും പട്ടിണിക്കാരന്നും അതുകൊണ്ട് യാതൊരു പ്രയോജനവുമുണ്ടാവാൻ പോകുന്നില്ല.

**ഹംസ ചെമ്മാനം**

## ഈ വിമർശനം ശരിയാണോ?

**ദൈവം** ആളാകുന്നതോ വിഗ്രഹമാകുന്നതോ അതൊന്നുമല്ലാതാകുന്നതോ ആണോ യഥാർഥ പ്രശ്നം? ബഹുദൈവ വിശ്വാസവും അവതാരസങ്കൽപവുമൊക്കെ വിശ്വാസ പ്രമാണങ്ങളായി കരുതിപ്പോരുന്ന ഒരു വിശ്വാസിസമൂഹത്തിന്റെ വിശ്വാസം ശുദ്ധീകരിക്കാനും സംസ്കരിക്കാനും യഥാർഥ വിശ്വാസമെന്തെന്ന് അവരെ ബോധ്യപ്പെടുത്താനും ചുമതലപ്പെട്ടവരാണ് മുസ്‌ലിം സമൂഹം എന്ന നിലക്ക്, അവർ ആരാധിക്കുന്നത് കല്ലിനെയായാലും മനുഷ്യനെയായാലും ഒരേതലത്തിൽ നിന്നുകൊണ്ട് സമീപിക്കലാവും ഉചിതം.

ശ്രീരാമനും ശ്രീകൃഷ്ണനുമടക്കം ഹൈന്ദവർ ആരാധിച്ചുപോരുന്ന ദൈവങ്ങളൊക്കെയും മനുഷ്യരൂപം പ്രാപിച്ച ദൈവാവതാരങ്ങളായിരുന്നു എന്നാണ് അവരുടെ വിശ്വാസം. ഹൈന്ദവ മതതത്വങ്ങൾ ഇതിനെതിരല്ല എന്നതാണ് വസ്തുത. അപ്പോൾ ഇതവരുടെ വിശ്വാസത്തിന്റെ ഭാഗമാണ്. ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്ന ആൾദൈവങ്ങളുടെ വിഷയവും ഇതുതന്നെ.

വിശ്വാസത്തെ സമീപിക്കേണ്ടത് വളരെ സൂക്ഷ്മമായാണ്. ഖുർആന്റെ ഭാഷയിൽ യുക്തിദീക്ഷയും (ഹിക്മത്ത്) സദുപദേശവും (മൗഇദതുൻ ഹസന), സൗമ്യമായ സംസാരവും (ഖൗലൻ ലയ്യിനൻ) ആണ് സ്വീകരിക്കേണ്ട രീതികൾ. പരിഹാസവും അടച്ചാക്ഷേപിക്കലും ഗുണത്തേക്കാളേറെ ദോഷം ചെയ്യും. മുസ്‌ലിം സമൂഹത്തിൽ നിലനിൽക്കുന്ന ഇത്തരം പ്രവണതകളെ നേരിടുന്ന അതേ ശൈലിയിൽ ഇതര മതസ്ഥരെയും നേരിടുന്നത് ശരിയല്ല. കാരണം മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം ഇത് വിശ്വാസത്തിന്റെ അപഭ്രംശമാണ്. അതേ സമയം ഏത് മതത്തിലാണെങ്കിലും ആത്മീയതയെ കച്ചവടോപാധിയാക്കുന്നതും ക്രിമിനൽവത്കരിക്കുന്നതും ശക്തമായി എതിർക്കപ്പെടേണ്ടതുമാണ്. എന്നാൽ ഈ എതിർപ്പിന് പ്രാഥമ്യം നൽകുന്നതിനു പകരം, നമ്മുടെ പ്രതിഷേധങ്ങളും വിമർശനങ്ങളും അവരുടെ വിശ്വാസത്തിൽ കേന്ദ്രീകരിക്കപ്പെടുന്നു എന്നതാണ് വസ്തുത.

**ഷെബീൻ പെരിമ്പലം**

## ചുരുക്കെഴുത്ത്

**വിവാദ** പാഠപുസ്തകങ്ങൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് വിവിധ സമുദായങ്ങളും സംഘടനകളും പ്രക്ഷോഭത്തിനിറങ്ങിയിരിക്കുകയാണ്. ഭരണകൂടം പിടിവാശി ഉപേക്ഷിച്ച് സമാധാനാന്തരീക്ഷം സൃഷ്ടിക്കാൻ ഇടയാകുന്ന തരത്തിൽ പുനഃപരിശോധന നടത്താൻ തയാറാവുകയാണ് വേണ്ടത്.

**നേമം താജുദ്ദീൻ തിരുവനന്തപുരം**

## ഖുർആൻ ഭാഷ്യം ഗൂഗിൾ ഗാജിറ്റിലും

**മൗലാനാ** മൗദൂദിയുടെ ഖുർആൻ ഭാഷ്യം ഖുർആൻ ടെക്സ്റ്റ് സഹിതം കമ്പ്യൂട്ടർ ഡെസ്ക് ടോപ്പിൽ ഇനി വായിക്കാം. അല്ലാമാ യൂസുഫലിയുടെ ഇംഗ്ലീഷ് പരിഭാഷയും ഇതിനോടൊപ്പമുണ്ട്.

എക്സ്പിയിലോ വിസ്റ്റയിലോ ഓപ്പറേറ്റ് ചെയ്യുന്ന ഏതു കമ്പ്യൂട്ടറിലും ഗൂഗിൾ ഡെസ്ക് ടോപ്പ് എന്ന സോഫ്റ്റ്വെയർ ഇൻസ്റ്റാൾ ചെയ്ത് ഗാജിറ്റിൽനിന്ന് (Google Gadget) 'Quran Aya of the Day' ഡൗൺലോഡ് ചെയ്ത് ഈ സേവനം ഉപയോഗപ്പെടുത്താം.

കുവൈത്തിലെ മലയാളി സോഫ്റ്റ്വെയർ എഞ്ചിനീയർ അർശദ് ആണ് ഇത് രൂപകൽപന ചെയ്തിരിക്കുന്നത്. ബന്ധപ്പെടാനുള്ള വിലാസം: ayaoftheday@gmail.com